**വഴിവെളിച്ചം**

# നിഷിദ്ധ സമ്പാദ്യം വർജിക്കുക

عَن عَمرو بن شُعيب عن أَبيه عَن جَدّه ، قَالَ : تَضَوَّرَ النَّبِيُّ ﷺ ذَاتَ لَيْلَةٍ ، فَقِيلَ لَهُ : مَا أَسْهَرَكَ ؟ قَالَ : إِنِّي وجَدْتُ تَمْرَةً سَاقِطَةً فَأَكَلْتُهَا ، ثُمَّ ذَكَرْتُ تَمْرًا كَانَ عِنْدَنَا مِنْ تَمْرِ الصَّدَقَةِ ، فَمَا أَدْرِي أَمِنْ ذَلِكَ كَانَتِ التّمرةُ أَوْ مِن تَمرِ أَهْلِي؟ فَذلِكَ أَسْهَرَنِي!

**അംറുബ്നു ശുഐബി(റ)ൽനിന്ന്. അദ്ദേഹം പറഞ്ഞു: ഒരു രാത്രി കഠിനമായ അസ്വാസ്ഥ്യം കാരണം പ്രവാചകന് ഉറക്കം വന്നില്ല. ഒരാൾ ചോദിച്ചു: "താങ്കൾക്ക് ഉറക്കം വരാത്തതെന്താണ്?" അവിടുന്ന് പറഞ്ഞു: "വീണുകിടക്കുന്ന ഒരു കാരക്ക കണ്ടപ്പോൾ ഞാനതെടുത്ത് തിന്നു. പിന്നീട് എന്റെ പക്കൽ സകാത്ത് ഇനത്തിൽപെട്ട കാരക്കയുമുണ്ടായിരുന്നല്ലോ എന്ന് ഞാനോർത്തു. ഞാൻ കഴിച്ചത് ആ കാരക്കയിൽപെട്ട വല്ലതുമാണോ; അതോ എന്റെ കുടുംബത്തിന്റെ കൈവശമുള്ളതോ? ഈ ചിന്തയാണ് എന്റെ ഉറക്കം നഷ്ടപ്പെടുത്തിയത്!"***

**ധനം** സാമ്പാദിക്കുകയും ചെലവഴിക്കുകയും ചെയ്യുമ്പോൾ ദൈവികമായ നിയമ നിർദേശങ്ങൾ പാലിക്കേണ്ടതുണ്ട്. തോന്നിയതുപോലെ പണമുണ്ടാക്കാനും തോന്നുംപടി ചെലവഴിക്കാനും ദീൻ ഒരാളെയും അനുവദിക്കുന്നില്ല. വിശുദ്ധ ഖുർആനും പ്രവാചക ചര്യയും ഇവ്വിഷയകമായി ഗൗരവതരമായ താക്കീതുകളാണ് നൽകിയിട്ടുള്ളത്. മാനവ സമൂഹത്തോടുള്ള ഖുർആനിക കൽപനകളിലൊന്ന് ഇപ്രകാരമാണ്: "മനുഷ്യരേ, നിങ്ങൾ ഭൂമിയിൽ നിങ്ങൾക്കനുവദിക്കപ്പെട്ട വിശിഷ്ട വിഭവങ്ങൾ മാത്രം ആഹരിക്കുക. പിശാചിന്റെ കാൽപാടുകൾ പിൻപറ്റരുത്. എന്തുകൊണ്ടെന്നാൽ അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാണ്" (അൽബഖറ: 168). വിശ്വാസി സമൂഹത്തോടും ഖുർആൻ ഇതു തന്നെയാണ് കൽപിക്കുന്നത്: "വിശ്വസിച്ചവരേ, നാം നിങ്ങൾക്കേകിയ വിഭവങ്ങളിൽനിന്ന് വിശിഷ്ടമായത് തിന്നുകൊള്ളുക. അല്ലാഹുവിനോട് നന്ദികാണിക്കുക. നിങ്ങൾ അവനുമാത്രം കീഴ്പ്പെട്ടു ജീവിക്കുന്നവരെങ്കിൽ!" (അൽബഖറ: 172).

ശദ്ദാദുബ്നു ഔസി(റ)ന്റെ സഹോദരി ഉമ്മു അബ്ദുല്ല(റ) പറയുന്നു: ഒരിക്കൽ പ്രവാചകന് അനുചരന്മാർ ഒരുകപ്പ് പാൽ സമ്മാനിച്ചു. നബി ചോദിച്ചു: "നിങ്ങൾക്ക് ഇത് എവിടെനിന്ന് കിട്ടി?" അവർ പറഞ്ഞു: "ഇന്ന വ്യക്തിയുടെ ആടിനെ കറന്നെടുത്തതാണ്." നബി(സ): "എവിടെനിന്നാണ് അയാൾ ആ ആടിനെ വാങ്ങിയത്?" അവർ: "ഇന്ന ആളുടെ പക്കൽനിന്ന്." നബി(സ) ആ പാൽ കുടിച്ചു. ശേഷം പറഞ്ഞു: "ഞങ്ങൾ പ്രവാചകന്മാർ കൽപിക്കപ്പെട്ടിട്ടുണ്ട്, നല്ലതല്ലാത്തതൊന്നും തിന്നരുതെന്നും സൽക്കർമങ്ങളല്ലാതെ പ്രവർത്തിക്കരുതെന്നും. അതുകൊണ്ടാണ് ഞാനിപ്രകാരം അന്വേഷിച്ചത്" (ത്വബ്റാനി).

നമസ്കാരവും നോമ്പും മറ്റു ആരാധനകളും സ്വീകരിക്കപ്പെടണമെങ്കിൽ കഴിക്കുന്ന ഭക്ഷണവും ഉടുക്കുന്ന വസ്ത്രവും കുടിക്കുന്ന വെള്ളവുമെല്ലാം നിഷിദ്ധങ്ങളിൽനിന് മുക്തമാവേണ്ടതുണ്ട്. നബി(സ) പറഞ്ഞു: "പത്ത് ദിർഹമിന് ഒരാൾ ഒരു വസ്ത്രം വാങ്ങി. അതിൽ ഒരു ദിർഹം നിഷിദ്ധമായി സമ്പാദിച്ചതാണ്. എങ്കിൽ ആ വസ്ത്രം അവന്റെ കൂടെ ഉള്ളേടത്തോളം കാലം അയാളുടെ ഒരു നമസ്കാരവും അല്ലാഹു സ്വീകരിക്കുകയില്ല" (അഹ്മദ് 2/98, ബൈഹഖി - ശുഅബുൽ ഈമാൻ- 6114, *മജ്മഉസ്സവാഇദ്* 10/292).

ഒരിക്കൽ സഅ്ദ്(റ) പ്രവാചകനോട് അപേക്ഷിച്ചു: "അല്ലാഹുവിന്റെ റസൂലേ, പ്രാർഥനകൾ സ്വീകരിക്കപ്പെടുന്നവരുടെ കൂട്ടത്തിൽ ഞാനും ഉൾപ്പെടാൻ അങ്ങ് അല്ലാഹുവിനോട് പ്രാർഥിച്ചാലും!" അവിടുന്ന് പറഞ്ഞു: "സഅ്ദ്, താങ്കളുടെ ഭക്ഷണം നിഷിദ്ധങ്ങളിൽനിന്ന് മുക്തമാക്കൂ, എങ്കിൽ പ്രാർഥനകൾ സ്വീകരിക്കപ്പെട്ടുകൊള്ളും. മുഹമ്മദിന്റെ ആത്മാവ് ആരുടെ കരങ്ങളിലാണോ അവൻ തന്നെസത്യം! ഒരു അടിമ നിഷിദ്ധമായ ഭക്ഷണത്തിൽനിന്ന് ഒരു ഉരുള തന്റെ ആമാശയത്തിൽ കടത്തിയാൽ നാൽപത് ദിവസം അവന്റെ പ്രവർത്തനങ്ങൾ പിന്നീട് അല്ലാഹു സ്വീകരിക്കുകയില്ല; തീർച്ചയായും നിഷിദ്ധ ഭക്ഷണം കഴിച്ച് വളർന്ന ശരീരങ്ങളായിരിക്കും അന്ത്യനാളിൽ നരകത്തോട് കൂടുതൽ അടുത്തുനിൽക്കുക" (ത്വബ്റാനി - സ്വഗീർ, *മജ്മഅഉസ്സവാഇദ്* - 10/291)

ഹറാം ഹലാലുകൾ പരിഗണിക്കാതെ കിട്ടുന്നതെല്ലാം സമ്പാദിച്ചു കൂട്ടുകയും ഒടുവിൽ ജീവിതാവസാനം പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്താൽ പാരത്രിക വിചാരണയിൽനിന്നും ദൈവിക ശിക്ഷയിൽനിന്നും രക്ഷപ്പെട്ടുകളയാമെന്ന് വ്യാമോഹിക്കുന്നവരുണ്ട്. അനീതിയും അക്രമവും നിർബാധം ചെയ്തുകൂട്ടുകയും അന്യരുടെ മുതലുകൾ ആവോളം അപഹരിക്കുകയും ചെയ്തതിനു ശേഷം ധർമിഷ്ഠരും പുണ്യവാളന്മാരുമായി ജീവിക്കാൻ ശ്രമിക്കുന്നവർ. അത്തരക്കാരുടെ മൗഢ്യസങ്കൽപങ്ങളെ തകർത്തെറിയുന്നതാണ് താഴെകൊടുക്കുന്ന പ്രവാചക വചനം. നബി(സ) പറഞ്ഞു: "കുറ്റകരമായ രീതിയിൽ ഒരാൾ പണം സമ്പാദിക്കുകയും എന്നിട്ട് അതുപയോഗിച്ച് കുടുംബബന്ധങ്ങൾ ചേർക്കുകയും ദാനധർമങ്ങൾ ചെയ്യുകയും ദൈവമാർഗത്തിൽ ചെലവഴിക്കുകയും ചെയ്താൽ തന്നെയും അന്ത്യനാളിൽ അതെല്ലാം ഒരുമിച്ചുകൂട്ടി അല്ലാഹു അയാളെ നരകത്തിൽ എറിയുന്നതായിരിക്കും." (അബൂദാവൂദ് -*മറാസീൽ* 117).

അന്യായമായ ധനം തന്റെ വയറ്റിൽ കടന്നോ എന്ന ആശങ്ക ഒരു രാത്രിമുഴുവൻ പ്രവാചകന്റെ ഉറക്കം നഷ്ടപ്പെടുത്തിയതായി ഹദീസ് വ്യക്തമാക്കുന്നു. ആ പ്രവാചകന്റെ പിൻമുറക്കാർ എന്നവകാശപ്പെടുന്ന സത്യവിശ്വാസികൾ എത്രത്തോളം ഈ ഭയവും സൂക്ഷ്മതയും സ്വാംശീകരിച്ചിട്ടുണ്ടെന്ന് സ്വയം ആലോചിച്ചു നോക്കുക! ■

**ജഅ്ഫർ എളമ്പിലാക്കോട്**

* *ഫത്ഹുൽബാരി* 4/344. ഹാഫിദ് ഇറാഖി പറയുന്നു: "ഇമാം അഹ്മദ് പ്രബലമായ നിവേദ പരമ്പരയോടെ ഈ നബി വചനം ഉദ്ധരിച്ചിട്ടുണ്ട്." (*ഇഹ്യാ ഉലൂമിദ്ദീൻ* 2/99).